# ജക്കാർത്തയിലൂടെ.......

ആസിയാൻ മേഖലയിൽ തലയെടുപ്പോടെ നിൽക്കുന്ന സിംഗപ്പൂരിനോടും സഞ്ചാരികളുടെ ഒഴുക്കിൽ തിളങ്ങുന്ന മലേഷ്യയോടും, തായ്‌ലാന്റിനോടും പ്രകൃതി സൗന്ദര്യത്തിൽ ഇവരെക്കാളൊക്കെ മുന്നിൽ നിൽക്കാവുന്ന ദ്വീപസമൂഹ രാജ്യമാണ് ഇൻഡോനേഷ്യ. ഇക്കുറി എന്റെയും യാത്രകളിൽ സഹചാരി മുരുകന്റെയും യാത്ര ഇൻഡോനേഷ്യൻ ദ്വീപസമൂഹത്തിന്റെ തലസ്ഥാനമായ ജക്കാർത്ത നഗരത്തിലൂടെയായിരുന്നു. ഈസ്റ്റ്, വെസ്റ്റ്, നോർത്ത്, സൗത്ത് എന്നീ നാലു ഭാഗങ്ങളായി ഈ വൻ നഗരം തരം തിരിച്ചിരിക്കുന്നു. വിദേശികളുടെ ഒഴുക്കൊന്നും ജക്കാർത്തയിൽ ഏറെ കാണാൻ കഴിയില്ല. പടുക്കൂറ്റൻ ഷോപ്പിംഗ് മാളുകളിലും, മറ്റു പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സ്വദേശിയരുടെ വൻതിരക്കാണ് എപ്പോഴും. ഇൻഡോനേഷ്യയിലെ കേരള സമാജം ഭാരവാഹികളായ ആലപ്പുഴ ഹരിപ്പാടുകാരൻ ഹരിയുടെയും സുഹൃത്തുക്കളുടെയും ഹൃദ്യമായ ആതിഥേയത്വത്തിന് വിധേയമായിട്ടായിരുന്നു ഇക്കുറിയത്തെ ജക്കാർത്ത യാത്ര. ഇൻഡോനേഷ്യൻ ദ്വീപ സമൂഹങ്ങളിൽ മലയാളി സാന്നിദ്ധ്യം നന്നേ കുറവാണ്.

ഇൻഡോനേഷ്യൻ ദ്വീപ സമൂഹരാജ്യം സന്ദർശിക്കാനെത്തുന്നവർ ഏറിയപങ്കും ജാവ ദ്വീപിന്റെ കിഴക്കേ അറ്റത്തെ ബാലി തന്നെയാണ് മുഖ്യ ആകർഷണ കേന്ദ്രം. സുരബയ്യാ, ആദ്യകാല തലസ്ഥാനം യോഗ്യകർത്ത തുടങ്ങിയ നഗരങ്ങളും ജാവ ദ്വീപിൽ തന്നെയാണ് നിലനിൽക്കുന്നത്.

ലോകത്തിലെ മറ്റു ആധുനിക വൻ നഗരങ്ങളിൽ നിലനിൽക്കുന്ന പൊതുയാത്ര സംവിധാനങ്ങളുടെ മികവ് ജക്കാർത്ത നഗരത്തിനില്ല. പൊതുയാത്രാ സംവിധാനം നന്നേ ദുർബലവുമാണ്. മെട്രോ റെയിൽ സംവിധാനം നടപ്പിലാക്കി വരുന്നതേയുള്ളൂ. റോഡുമാർഗ്ഗം യാത്രയാണ് പ്രധാനം. അതിനാൽ ചെറിയ, ദീർഘദൂരങ്ങൾ താണ്ടാൻ മണിക്കൂറോളം ട്രാഫിക് കുരുക്കിൽലൂടെ തന്നെ യാത്രചെയ്യണം.

സ്വതന്ത്ര ഇൻഡോനേഷ്യയുടെ ശിൽപ്പികളായ ആദ്യ പ്രസിഡന്റ് സുക്കാർണോയുടെയും വൈസ് പ്രസിഡന്റ് മുഹമ്മദ് ഹാത്തയുടെയും നാമധേയത്തിൽ പ്രവർത്തിക്കുന്ന ജക്കാർത്തയിലെ സുക്കാർണോ ഹാത്ത അന്താരാഷ്ട്ര വിമാനത്താവളം ലോകത്തെ പത്തു തിരക്കേറിയ വിമാനത്താവളങ്ങളിൽ ഒന്നാണ്. തനതു ഇൻഡോനേഷ്യ പാരമ്പര്യ ശൈലിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. അത്യാധുനിക വിമാനത്താവളം എന്ന് വിശേഷിപ്പിക്കാനാവില്ല. വികസനത്തിന്റെ മൂന്നും നാലും ഘട്ടം അതിവേഗം നടപ്പിലാക്കിവരുന്നു. 2022 ൽ നാലാം ഘട്ടം കൂടി പൂത്തിയാകുമ്പോൾ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലെ (ആസിയാൻ) മേഖലയിലെ ഏറ്റവും ബൃഹത്തായ, തിരക്കേറിയ എയർപോർട്ടായി ഇത് മാറും.

സെൻട്രൽ ജക്കാർത്തയിൽ സ്ഥിതിചെയ്യുന്ന 1961ൽ പണിതുടങ്ങി 1975 പൊതുജനങ്ങൾക്കായി തുറന്ന **ദേശീയ സ്മാരക** (Monas) സന്ദർശിക്കുന്നത് പ്രതിദിനം ആയിരക്കണക്കിന് സ്വദേശികളാണ്. 132 മീറ്റർ ഉയരമുള്ള ഈ ടവറിന്റെ മുകളിൽ കയറിയാൽ ജക്കാർത്ത നഗരത്തിന്റെ ആകാശദൃശ്യം വ്യക്തമാണ്. ഈ തിരക്കിലും പേരിനുപോലും ഒരു വിദേശിയെ ഇവിടെ കാണുവാൻ സാധിക്കില്ല എന്നതും ശ്രദ്ധേയമാണ്. ഇതിനു താഴെ ഇൻഡോനേഷ്യയുടെ ഡച്ചുകാരിൽ നിന്നുള്ള സ്വാതന്ത്ര്യ സമര പോരാട്ടവും ചരിത്രവും വിശദീകരിക്കുന്ന ഒരു മ്യൂസിയം പ്രവർത്തിക്കുന്നുണ്ട്.

1975 മുതൽ പ്രവർത്തനമാരംഭിച്ച ഈസ്റ്റ് ജക്കാർത്തയിൽ 250 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന **തമൻ മിനി** ഇൻഡോനേഷ്യൻ ദ്വീപ സമൂഹത്തിന്റെ ഒരു ചെറുപതിപ്പാണ്. ദ്വീപസമൂഹങ്ങൾ അതേപടി ഇവിടെ പുനരാവിഷ്കരിച്ചിരിക്കുന്നു.

ഇവിടത്തെ നാണയവിനിമയ നിരക്കുമായി ഒത്തുപോകാൻ ഒരു സഞ്ചാരിക്ക് ഒന്നുരണ്ടു ദിവസമെങ്കിലും വേണ്ടിവരും 1 യു.എസ്. ഡോളറിനു 13,000/- ത്തോളം ഇൻഡ്യൻ രൂപയും, നമ്മുടെ 1 രൂപയ്ക്ക് 200/- രൂപയോളം ഇൻഡോനേഷ്യൻ കറൻസി റൂപിയ കിട്ടും. എന്നു പറഞ്ഞ അമിത വിലക്കുറവ് ഒന്നിനും പ്രതീക്ഷിക്കുകയും വേണ്ട. ഇവിടത്തെ വിനിമയം എല്ലാം പതിനായിരവും ലക്ഷവുമാണ്. സാമാന്യം ഭേദപ്പെട്ട ഹോട്ടൽ മുറികൾക്ക് 4 ലക്ഷത്തോളം ഇൻഡോനേഷ്യൻ റൂപിയ നൽകണം. നമ്മുടെ 2000/- ഓളം രൂപാ വരും. അതിനാൽ സഞ്ചാരിയെ സംബന്ധിച്ചിടത്തോളം പതിനായിരം അതിനുമുകളിലുള്ള ഇൻഡോനേഷ്യൻ

കറൻസി കരുതുന്നതാണ് സൗകര്യപ്രദവും. വിനിമയ മൂല്യത്തിന്റെ കുറവു കാരണം യാത്രകളിൽ അനുയോജ്യമായ ട്രാവൽ കാർഡുകൾ ഇത്തരം രാജ്യങ്ങളിൽ ഉപയോഗിക്കുക അപ്രായോഗികവുമാണ്.

ഇൻഡോനേഷ്യയെക്കുറിച്ച് ചിന്തിക്കുമ്പോൾ ബാലി ദ്വീപ് തന്നെയാണ് മുന്നിലെത്തുന്നത്. തിരുവനന്തപുരത്തുനിന്നും ബാലിയിലോട്ടും ജഡക്കാർത്തയിലോട്ടും, ക്വാലാലംപൂർ വഴി വിമാന സർവ്വീസ് ഉണ്ട്. ജക്കാർത്തയിൽനിന്നും ബാലിയിലോട്ട് പ്രതിദിനം 38ലേറെ വിമാന സർവ്വീസുകൾ ഉള്ളപ്പോൾ മാത്രം ചിന്തിക്കാം ഈ റൂട്ടിലെ സഞ്ചാരികളുടെ തിരക്ക്. മാത്രവുമല്ല മലയാളി സഞ്ചാരിക്ക്, മലേഷ്യയിലോ സംഗപ്പൂരിലോ യാത്ര ചെയ്യുന്നതുപോലെ അനായാസം ഇൻഡോനേഷ്യയിൽ യാത്ര ചെയ്യാൻ സാധിക്കില്ല. ഒരു വിദേശ സഞ്ചാരിയെ സംബന്ധിച്ചിടത്തോളം ജക്കാർത്ത ഒരിക്കലും ഒരു സൗഹൃദ നഗരമല്ല. ഭാഷ ഇവിടൊരു പ്രശ്നം കീറാമുട്ടി തന്നെയാണ്. ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നവർ വളരെ വിരളം. ഇൻഡോനേഷ്യ യാത്രാ പദ്ധതി തയ്യാറാക്കുമ്പോൾ ആദ്യം കയ്യിൽ കരുതേണ്ടത് ഒരു സ്മാർട്ട് ഫോൺ തന്നെയാണ് എന്നത് അനുഭവം. വഴി ചോദിക്കാനും മറ്റും ഇംഗ്ലീഷ് ഭാഷയോടുള്ള ഇവരുടെ മുഖം തിരിക്കൽ സമീപനം തന്നെയാവാം ഈ നഗരത്തിൽ സഞ്ചാരികളുടെ ഒഴുക്കിനെ തടയുന്നത്. ഒട്ടേറെ ബഹുരാഷ്ട്ര കമ്പനികളുടെ ആസ്ഥാന മന്ദിരങ്ങൾ സ്ഥിതിചെയ്യുന്ന സിംഗപ്പൂരിന്റെ പ്രതാപം വിളിച്ചറിയിക്കുന്ന റാഫിൾസ് സ്ട്രീറ്റും, ക്വാലാലംപൂരിലെ ബുക്കിത് ബിൻതാംഗും ജക്കാർത്തയുടെ സുദിർമാൻ തെരുവിനു മുന്നിൽ നന്നേ കുഞ്ഞൻമാരായി തോന്നും. അത്രക്ക് ബൃഹുത്തും പ്രൗഢവുമാണ് ജക്കാർത്തയുടെ ഈ നഗരഭാഗം.

ക്വാലംപൂരിലും, സിംഗപ്പൂരിലും, തായ്‌ലാന്റിലുമെല്ലാം ടൂറിസ്റ്റുകളുടെ അതിപ്രസരമാണ് എങ്ങും കാണാനാവുന്നത്. ഷോപ്പിംഗ് മാളുകളിലും മറ്റും വിദേശിയരുടെ ഒഴുക്കാണ്. അതുമായി താരതമ്യം ചെയ്യുമ്പോൾ ജക്കാർത്തയിൽ പല മാളുകളിൽ വിദേശിയരുടെ കണികപോലും കാണാൻ സാധിക്കില്ല. എന്നാൽ തദ്ദേശിയരുടെ ഒഴുക്ക് എങ്ങും ദൃശ്യമാണ്.

എവിടെയൊക്കെയോ ഒരു മാന്ദ്യത പിടികൂടിയ, എന്നാൽ വികസന വഴിയിൽ അതിവേഗം കുതിക്കുന്ന ഊർജ്ജസ്വലതയുള്ള ഒരു നഗരം. മികവുറ്റ റോഡ് സംവിധാനങ്ങൾ. ആധുനികതയോട് എത്തിച്ചേരാൻ ഒരു വൈകൽ, എന്നാൽ വികസനത്തിനു മുന്നിൽ കണ്ണടക്കുന്നുമില്ല, അതാണ് ജക്കാർത്ത നഗരം.

ആസിയാനിലെ പ്രകൃതിയാലുള്ള വശ്യസൗന്ദര്യം ഏറെയുള്ള രാജ്യമാണ് ഇൻഡോനേഷ്യ. ഈ വസ്തുത പുറം ലോകത്തിനുമുന്നിൽ ഫലപ്രദമായി എത്തിക്കുന്നതിൽ ഇവർ വൈകിയോ എന്ന് സംശയം. ഒരിക്കൽ എത്തുന്ന സഞ്ചാരിയെ വീണ്ടും വീണ്ടും മാടിവിളിക്കാനുള്ള വശ്യതയും ഈ രാജ്യത്തിനുണ്ട്. പക്ഷെ ജക്കാർത്ത പോലുള്ള വൻ നഗരങ്ങളിൽ ഒരിക്കൽകൂടി യാത്ര ചെയ്യാൻ എന്തോ വിമുഖത ഒരോ യാത്രികനും ഉണ്ടാകും തീർച്ച.

---

വിമൽ മിനർവ
9037545565
pressvimal@gmail.com